## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2447** **12.02.2020-ൽ മറുപടിക്ക്**

## വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുള്ള ജനകീയ അദാലത്തുകൾ

| | ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ ജനകീയ അദാലത്തുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. ഉപഭോക്തൃ സംതൃപ്തി ലക്ഷ്യം വച്ചും വൈദ്യുതി മേഖല പരാതിരഹിതമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയും ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ പരാതികളും തീർപ്പാക്കുന്നതിന് 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വൈദ്യുതി വകുപ്പ്മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വൈദ്യുതി അദാലത്തുകൾ നടത്തുന്നതിന് 24.12.2019-ലെ B.O.(FTD) No. 946/2019 (D(D&IT)/General-Adalath 2020/2019-20) പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഇതുവരെ 8 ജില്ലകളിലായി നടത്തിയ അദാലത്തുകളിൽ 8604 പരാതികളിൽ 7691 എണ്ണവും തീർപ്പ കല്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോ; | (ബി) & (സി) | **27.01.2020-ന്** കാസർഗോഡ് ജില്ലയിൽ അദാലത്ത് നടത്തിയിട്ടുണ്ട്. **856** പരാതികളിൽ **720** എണ്ണവും തീർപ്പ കല്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എത്ര പരാതികൾ വന്നിട്ടുണ്ടെന്നും എത്ര എണ്ണം പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ